# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 07/2022

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

പ്രിയരെ,

നമ്മുടെ ഭദ്രാസനത്തിന്റെ വാർഷിക പൊതുയോഗം നമ്മുടെ C. No. 3/2022 കല്പനപ്രകാരം 2022 ജൂലൈ മാസം 7-ാം തീയതി വ്യാഴാഴ്ച ഭദ്രാസന അരമന ചാപ്പലിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഭദ്രാസനത്തിലെ എല്ലാ പള്ളികളിൽ നിന്നും വൈദീകരും അത്മായ പ്രതിനിധികളും യോഗത്തിൽ സംബന്ധിച്ചു. പൊതുയോഗതീരുമാനങ്ങൾ ഈ കല്പനയിലൂടെ നിങ്ങളെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്.

2021-22ലെ വാർഷിക റിപ്പോർട്ട് പൊതുയോഗം അംഗീകരിക്കുകയും ഓഡിറ്റ് ചെയ്ത വരവു ചെലവ് കണക്കുകൾ പാസ്സാക്കുകയും ചെയ്തു.

പുതിയ ഭദ്രാസനസെക്രട്ടറിയായി ബഹുമാനപ്പെട്ട സ്കറിയാ മാത്യു കത്തനാരെയും ഭദ്രാസന കൗൺസിൽ അംഗങ്ങളായി ബഹുമാനപ്പെട്ട സജി ഡാനിയേൽ കത്തനാർ, ഐപ്പ് പി. അലക്സ് കത്തനാർ, ശ്രീ സ്റ്റാൻലി തോംസൺ (റാസൽഖൈമ), ശ്രീ ബാബുകുട്ടി പി. തോമസ് (ഹൈദരാബാദ്) ശ്രീ സൈജു ശാമുവേൽ (ബാംഗ്ലൂർ), ശ്രീ മാത്യു ജേക്കബ് (ബാംഗ്ലൂർ) എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. ഭദ്രാസന ഇന്റേണൽ ഓഡിറ്ററായി ശ്രീ കെ. കെ. സൈമൺ, ശ്രീ എം. എ. ചാക്കോ; External Auditor ആയി M/s. TPMG & Associates-ന്റെ പാർട്ണർ ശ്രീ കെ. റെനി ഫിലിപ്പിനെയും നിയമിച്ചു. ഭദ്രാസനത്തിൽ കഴിഞ്ഞ 2017-22 കാലയളവിൽ ശ്രേഷ്ഠനിലയിൽ സേവനമനുഷ്ഠിച്ച മുൻ ഭദ്രാസന സെക്രട്ടറി, കൗൺസിൽ അംഗങ്ങൾ, ഭദ്രാസന വികസന സമിതി അംഗങ്ങൾ, ഓഡിറ്റേഴ്സ്, ഭദ്രാസന പ്രതിനിധികൾ, എല്ലാവരോടും ഭദ്രാസനത്തിന്റെ പേരിൽ നാം നന്ദി അറിയിക്കുന്നു.

ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, ഭദ്രാസന മെത്രാപ്പോലീത്ത നാമനിർദ്ദേശം ചെയ്യുന്ന 5 അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഭദ്രാസന വികസനസമിതി (Diocesan Development Committee) പുനരുദ്ധരിക്കുവാൻ തീരുമാനിച്ചു.

Scanned by TapScanner

ദൊഡ്ഢബെല്ലാപൂരിലുള്ള ഭദ്രാസനത്തിന്റെ സ്ഥലത്ത് ഒരു Education Institution ആരംഭിക്കുന്നതിനായി പൊതുയോഗം തീരുമാനിച്ചു.

ഭദ്രാസന കൗൺസിലിന്റെ Proposal ആയ Guidence Centre-ന്റെ പ്രവർത്തനങ്ങൾ തുടങ്ങുവാൻ പൊതുയോഗം അനുവാദം നൽകി.

ബാംഗ്ലൂരിലെ ഇടവകകൾക്ക് പൊതുവായി ഒരു സെമിത്തേരിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തണമെന്നുള്ളതായ നിർദ്ദേശം കൗൺസിലിന്റെ ആലോചനയോടെ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചു.

ഭദ്രാസനത്തിന്റെ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനത്തോടു ചേർന്ന് പരിശുദ്ധ കാതോലിക്കാ ബാവായ്ക്കും നവാഭിഷിക്തരാകുന്ന മെത്രാപ്പോലീത്തമാർക്കും സ്വീകരണം നൽകുവാനും ഭദ്രാസന പൊതുയോഗം തീരുമാനിച്ചു.

വീണ്ടും പ്രിയരെ,

കഴിഞ്ഞ ഭദ്രാസന യോഗം തീരുമാനിച്ചതും ഇടവകകൾ അംഗീകരിച്ചതുമായ വർദ്ധിപ്പിച്ച ഭദ്രാസനക്വോട്ടാ വിഹിതം ജൂലൈ മാസം മുതൽ ഭദ്രാസന ഓഫീസിൽ അടയ്ക്കേണ്ടതാണ്. അതിൻപ്രകാരം ആ ഇടവകയുടെ വർദ്ധിപ്പിച്ചിട്ടുള്ള ഈ വർഷത്തെ ശമ്പളക്വോട്ട .................................. രൂപ ആയിരിക്കുന്നതാണ്.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2022 ജൂലൈ മാസം 14-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും

Scanned by TapScanner